# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 371 | 08.08.2017 - ൽ മറുപടിയ്ക്ക് |

## ജി.എസ്.ടി യുമായി ബന്ധപ്പെട്ട അവ്യക്തതകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ഡി. പ്രസേനൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. യുമായി ബന്ധപ്പെട്ട അവ്യക്തതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ | (എ) | ജി.എസ്.ടി യുമായി ബന്ധപ്പെട്ട അവ്യക്തതകൾ പരിഹരിക്കുന്നതിന് വ്യാപാരികൾക്കും വ്യാപാര സംഘടനകൾക്കും കേരളമൊട്ടാകെ വിവിധതരത്തിലുള്ള പഠന ക്ലാസ്സുകൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാരികളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡസ്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പൊതുജനങ്ങളുടെ ബോധവത്കരണത്തിനായുള്ള പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. . ഇതിനു പുറമേ ജി.എസ്.ടി. ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വ്യാപാരികൾക്കും വ്യാപാര സമൂഹത്തിനും ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കുകയാണ് സംസ്ഥാന, ജില്ലാ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ഈ കമ്മിറ്റിയുടെ ഉദ്ദേശ്യം. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ ചെറുകിട കച്ചവടക്കാരുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ | (ബി) | ജി.എസ്.ടി യിൽ 20 ലക്ഷത്തിനു താഴെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർ രജിസ്ട്രേഷന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 75 ലക്ഷം വരെ വിറ്റുവരവുള്ള വ്യാപാരികൾക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കുന്നതിനുള്ള അവസരവുമുണ്ട്. ജൂൺ 30 വരെയുള്ള ക്ലോസിംഗ് സ്റ്റോക്കിന്റെ നികുതിയെ സംബന്ധിച്ച ബോധവൽക്കരണം വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. ഇതിനുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ജി.എസ്.ടി യിൽ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ